സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 57 ലക്കം: 222 2024 ഡിസംബർ 24 തിങ്കൾ പേജ്: 4 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

## മൂന്നുവയസ്സുകാരി കുഴൽക്കിണറിൽ വീണിട്ട് മണിക്കൂറുകൾ, 150 അടിയോളം താഴ്ച

ഇന്നലെയാണ് 3വയസ്സുകാരിയായ ചേതന 150 അടിയോളം താഴ്ചയുള്ള കുഴൽക്കിണറിൽവീണത്. അച്ഛനൊപ്പം കൃഷിയിടത്തിലെത്തിയ പെൺകുട്ടി ഇവിടെ കളിക്കുന്നതിനിടെ അബദ്ധത്തിൽ തുറന്നിരിക്കുകയായിരുന്ന കുഴൽക്കിണറിലേക്ക് വീഴുകയായിരുന്നു.

അപകടവിവരമറിഞ്ഞ് പോലീസും അഗ്നിരക്ഷാസേനയും സംസ്ഥാന ദുരന്തനിവാരണസേനയും സ്ഥലത്തെത്തി രക്ഷാപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കുട്ടിയെ സുരക്ഷിതമായി പുറത്തെത്തിക്കാനുള്ള ശ്രമങ്ങൾ ഇന്ന് രാവിലെയും തുടരുകയാണ്. കുട്ടിയെ എത്രയും വേഗം പുറത്തെത്തിക്കാനാകുമെന്നാണ് പ്രതീക്ഷയെന്നും രക്ഷാപ്രവർത്തകരുമായി സംസാരിച്ചിട്ടുണ്ടെന്നും മന്ത്രി രാജ്യവർധൻ സിങ് റാത്തോഡും മാധ്യമങ്ങളോട് പറഞ്ഞു.

# 'ഹൂതി നേതാക്കളുടേയും തലയറുക്കും'; ഹനിയയെ വധിച്ചത് സ്ഥിരീകരിച്ച് ഇസ്രയേൽ



ടെൽ അവീവ്: ഹമാസ് നേതാവ് ഇസ്മായിൽ ഹനിയയെ വധിച്ചത് തങ്ങളാണെന്ന് ആദ്യമായി സമ്മതിച്ച് ഇസ്രയേൽ. ജൂലൈയിൽ ഇറാനിലെ ടെഹ്റാനിൽ വെച്ചാണ് ഹനിയയെ വധിച്ചതെന്ന് പ്രതിരോധ മന്ത്രി ഇസ്രയേൽ കാറ്റ്സ് സ്ഥിരീകരിച്ചു. ഹനിയയുടെ കൊലപാതകത്തിന് പിന്നിൽ ഇസ്രയേലാണെന്ന് ശക്തമായ അഭ്യൂഹങ്ങളുണ്ടായിരുന്നെങ്കിലും ഇസ്രയേൽ ഭരണകൂടം ഇത് പരസ്യമായി സ്ഥിരീകരിച്ചിരുന്നില്ല.

ഹിസ്ബുള്ള നേതാക്കളെ വധിച്ചതും സിറിയയിലെ ബാഷർ അൽ അസദ് ഭരണകൂടത്തെ താഴെയിറക്കാൻ സഹായിച്ചതും ഇറാന്റെ വ്യോമപ്രതിരോധ സംവിധാനങ്ങൾ തകർത്തതും തങ്ങളാണെന്നും ഇസ്രയേൽ കാറ്റ്സ് വ്യക്തമാക്കി. യെമനിലെ ഹൂതി വിമതർക്ക് കനത്ത തിരിച്ചടി നൽകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

'ഇസ്രയേലിനു നേരെ മിസൈൽ ആക്രമണം നടത്തുന്ന ഹൂതി തീവ്രവാദ സംഘടനയോട് ഒരു കാര്യം വ്യക്തമാക്കാനുണ്ട്. ഞങ്ങൾ ഹമാസിനെ പരാജയപ്പെടുത്തി. ഹിസ്ബുള്ളയെ പരാജയപ്പെടുത്തി. ഇറാന്റെ പ്രതിരോധ സംവിധാനത്തിന് പ്രഹമേൽപ്പിച്ചു. സിറിയയിലെ അസദ് ഭരണത്തെ അട്ടിമറിച്ചു. തിന്മയ്ക്കുമേൽ കടുത്ത പ്രഹരമേൽപ്പിച്ചു. അതുപോലെയെമനിലെ ഹൂതി സംഘടനയ്ക്കുമേലും കനത്ത പ്രഹരമേൽപ്പിക്കും. ഇത് അവസാനത്തേതുമായിരിക്കും.'– കാറ്റ്സ് മുന്നറിയിപ്പ് നൽകി.

ഹൂതികളുടെ അടിസ്ഥാന സൗകര്യങ്ങൾ തകർക്കും. ഞങ്ങൾ അവരുടെ നേതാക്കളുടെ തലയറുക്കും. ടെഹ്റാനിലും ഗസയിലും ലെബനനിലും ഹനിയ, സിൻവാർ, നസ്റുള്ള എന്നിവരോട് ചെയ്തതുപോലെ അത് ഞങ്ങൾ ഹൃദൈയിലും സനയിലും ആവർത്തിക്കും.'– സൈനികരെ ആദരിക്കുന്ന ചടങ്ങിൽ സംസാരിക്കവേ ഇസ്രയേൽ കാറ്റ്സ് പറഞ്ഞു.

ഇറാന്റെ പിന്തുണയുള്ള യെമനിലെ ഹൂതികൾ ഇസ്രയേൽ–ഹമാസ് സംഘർഷം ആരംഭിച്ചതുമുതൽ ചെങ്കടലിലെ വാണിജ്യ കപ്പലുകളെ ആക്രമിക്കുന്നുണ്ട്. ഇസ്രയേൽ ബന്ധമുള്ള കപ്പലുകളെ ആക്രമിച്ച് ഇസ്രയേലിനെതിരെ നാവിക ഉപരോധം തീർക്കാനാണ് ഹൂതികൾ ശ്രമിക്കുന്നത്. പലസ്തീന് ഐക്യദാർഢ്യം പ്രഖ്യാപിച്ചാണ് ഹൂതികളുടെ ആക്രമണം.

ഇറാൻ തലസ്ഥാനമായ ടെഹ്റാനിൽ കഴിയുന്നതിനിടെ ഹനിയയും സംഘവും താമസിച്ചിരുന്ന കെട്ടിടത്തിന് നേരെ ആക്രമണമുണ്ടാകുകയും ഹനിയ കൊല്ലപ്പെടുകയുമായിരുന്നു. മാസങ്ങൾക്കുശേഷം ഒക്ടോബറിൽ ഗസയിലെ ഇസ്രയേൽ സൈന്യം ഹനിയയുടെ പിൻഗാമിയും 2023 ഒക്ടോബർ ഏഴിലെ ആക്രമണത്തിന്റെ സൂത്രധാരനുമായ യഹിയ സിൻവാറിനേയും കൊലപ്പെടുത്തി. അതിന് മുമ്പ് സെപ്റ്റംബറിൽ ബെയ്റൂത്തിൽവെച്ച് ഹിസ്ബുള്ള നേതാവ് ഹസൻ നസ്റുള്ളയേയും ഇസ്രയേൽ സൈന്യം കൊലപ്പെടുത്തിയിരുന്നു.

## സെക്രട്ടേറിയറ്റിൽ വീണ്ടും പാമ്പ്

തിരു: ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ വീണ്ടും പാമ്പ് കയറി. പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിലാണ് പാമ്പ് കയറിയത്. ഇന്ന് രാവിലെ 10.15 ഓടെയായിരുന്നു സംഭവം. ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ എത്തിയ ജീവനക്കാർ പാമ്പിനെ അടിച്ചുകൊന്നു.

രണ്ട് ദിവസം മുമ്പും സമാനമായ സംഭവം നടന്നിരുന്നു. ദർബാർ ഹാളിന് പിന്നിലെ ഇടനാഴിയിലായിരുന്നു അന്ന് പാമ്പിനെ കണ്ടത്. സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ മുറിയിലേക്ക് കയറുന്ന ഭാഗത്ത് വച്ച് ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥരാണ് പാമ്പിനെ കണ്ടത്. തുടർന്ന് ഹൗസ് കീപ്പിംഗ് വിഭാഗം പാമ്പുപിടിത്തക്കാരെ വിവരമറിയിച്ചു. എന്നാൽ, ആളുകൂടിയതോടെ പാമ്പ് ഇടനാഴിയിൽ നിന്ന് കാർഡ് ബോർഡ് പെട്ടികൾക്കിടയിലേക്ക് നീങ്ങി. ഏറെ നേരം തെരഞ്ഞെങ്കിലും കണ്ടെത്താനായില്ല. പാമ്പ് വിഷമുള്ളതല്ലെന്നും ചുരുട്ടയാണെന്നുമായിരുന്നു ജീവനക്കാരുടെ നിഗമനം. ഈ ബ്ലോക്കിലെ ഹോളുകളെല്ലാം പി.ഡബ്ലിയു.ഡി സിവിൽ എ.ഇയുടെ നേതൃത്വത്തിൽ അടിയന്തരമായി അടയ്ക്കുമെന്നും ഉദ്യോഗസ്ഥർ പറഞ്ഞിരുന്നു.

## നഗ്നനാക്കി ക്രൂരമർദനം, ദേഹത്ത് മൂത്രമൊഴിച്ചു; ദളിത് യുവാവ് ആത്മഹത്യ ചെയ്തു

ലക്നൗ: ക്രൂരമായ ശാരീരിക പീഡനത്തിലും അധിക്ഷേപത്തിലും മനംനൊന്ത് ഉത്തർപ്രദേശിൽ ദളിത് ബാലൻ (17) ആത്മഹത്യ ചെയ്തു. ഉത്തർപ്രദേശിലെ ബസ്തിയിലാണ് സംഭവം. നാട്ടിൽ ഒരു ജന്മദിനാഘോഷത്തിനിടെയാണ് ബാലനെ 4പേർ ചേർന്ന് നഗ്നനാക്കുകയും ക്രൂരമായി മർദിക്കുകയും ദേഹത്ത് മൂത്രമൊഴിക്കുകയും ചെയ്തത്. ഇതിന്റെ വീഡിയോ ദൃശ്യങ്ങൾ പകർത്തുകയും ചെയ്തു.

ഡിസംബർ 20–ന് നടന്ന ജന്മദിന പരിപാടിയിലേക്ക് ക്ഷണം ലഭിച്ചാണ് മകൻ പോയതെന്ന് കുടുംബം പറയുന്നു. ഉപദ്രവമേൽപ്പിക്കുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവിടുമെന്ന് ഭീഷണിപ്പെടുത്തുകയും അധിക്ഷേപിക്കുകയും ചെയ്ത ആക്രമകാരികൾ കുട്ടിയേക്കൊണ്ട് നിർബന്ധിച്ച് തുപ്പൽ നക്കിയെടുപ്പിക്കുകയും ചെയ്തുവെന്നും കുടുംബം ആരോപിക്കുന്നു.

മാനസികമായി തകർന്ന കുട്ടി വീട്ടിൽ തിരിച്ചെത്തുകയും മാതാപിതാക്കളോട് സംഭവം പറയുകയും ചെയ്തു. ഇതിന് ശേഷമാണ് ആത്മഹത്യ ചെയ്തത്. പിന്നാലെ മൃതദേഹവുമായി പോലീസ് സ്റ്റേഷനിലെത്തിയ കുടുംബം സംഭവത്തിൽ അടിയന്തര അന്വേഷണം വേണമെന്ന് ആവശ്യപ്പെട്ടു. സംഭവത്തിൽ കേസെടുക്കാനും നടപടി സ്വീകരിക്കാനും അധികൃതർ ആദ്യം തയ്യാറായില്ലെന്നും കുടുംബം ആരോപിച്ചു.

തുടർന്ന് മൃതദേഹവുമായി ബസ്തി പോലീസ് സൂപ്രണ്ടിന്റെ ഓഫീസിലെത്തി പ്രതിഷേധിച്ചു.കുടുംബത്തിന്റെ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും മൃതദേഹം പോസ്റ്റ് മോർട്ടത്തിന് അയച്ചുവെന്നും അന്വേഷണം നടക്കുകയാണെന്നും പോലീസ് സൂപ്രണ്ട് പ്രദീപ് കുമാർ ത്രിപാതി അറിയിച്ചു

## ശബരിമലയിൽ ഭക്തരുടെ തിരക്ക് കൂടുന്നു

ശബരിമലയിലെ ഭക്തജന തിരക്ക് തുടരുന്നു. ഇന്നലെ ദർശനം നടത്തിയത് 1,05,000 ഭക്തർ. ഈ സീസണിൽ ഏറ്റവും അധികം ഭക്തർ ദർശനത്തിന് എത്തിയതും ഇന്നലെ.

# ക്ഷേമപെൻഷൻ തട്ടിപ്പ്; 373 പേർക്കെതിരെ നടപടി, പട്ടികയിൽ അറ്റൻഡർമാരും നഴ്സിംഗ് അസിസ്റ്റന്റുമാരും

തിരു: അനധികൃതമായി ക്ഷേമപെൻഷൻ കൈപ്പറ്റിയ സംഭവത്തിൽ കൂടുതൽ ജീവനക്കാർക്കെതിരെ നടപടി. ക്ഷേമപെൻഷൻ തട്ടിപ്പുനടത്തിയ 373 ജീവനക്കാർക്കെതിരെ നടപടിയെടുത്തിരിക്കുകയാണ് ആരോഗ്യവകുപ്പ്. അനധികൃതമായി കൈപ്പറ്റിയ പണം 18 ശതമാനം പലിശയോടെ തിരിച്ചുപിടിക്കാനാണ് തീരുമാനം.

ക്ഷേമപെൻഷൻ തട്ടിപ്പിൽ നടപടിയെടുക്കുന്ന മൂന്നാമത്തവകുപ്പാണ് ആരോഗ്യവകുപ്പ്. അനർഹമായി ക്ഷേമപെൻഷൻ വാങ്ങിയെന്ന് ധനവകുപ്പ് കണ്ടെത്തിയ 1458 സർക്കാർ ജീവനക്കാരിൽ ഏറെയും ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകളിലാണ്. പേര് സഹിതമാണ് 373 പേരുടെ പട്ടിക പുറത്തുവിട്ടിരിക്കുന്നത്. പട്ടികയിൽ അറ്റൻഡർമാർ, ക്ളർക്കുമാർ, നഴ്സിംഗ് അസിസ്റ്റന്റുമാർ തുടങ്ങിയവരും ഉണ്ട്. ഇവരെ നേരിട്ട് സസ്പെൻഡ് ചെയ്യേണ്ട എന്നാണ് നിലവിലെ തീരുമാനം. പിഴയോടുകൂടി പണം തിരിച്ചുപിടിക്കുമെന്നാണ് ഉത്തരവിൽ വ്യക്തമാക്കുന്നത്. ഇവർക്കെതിരെ വകുപ്പുതല നടപടിയും വൈകാതെ ഉണ്ടാവും. നേരത്തെ മണ്ണ് സംരക്ഷണ വകുപ്പും, പൊതുഭരണ വകുപ്പുമാണ് തട്ടിപ്പ് നടത്തിയവർക്കെതിരെ നടപടിയെടുത്തത്.

അനധികൃതമായി ക്ഷേമപെൻഷൻ കൈപ്പറ്റിയ പൊതുഭരണ വകുപ്പിലെ ആറ് പാർട്ട് ടൈം സ്വീപ്പർമാർക്ക് പെൻഷൻ തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ട് കഴിഞ്ഞദിവസം നോട്ടീസ് നൽകിയിരുന്നു. 18 ശതമാനം പലിശസഹിതമാണ് തിരിച്ചടയ്ക്കേണ്ടത്. 22,600 മുതൽ 86,000 രൂപവരെ ഇവർക്ക് തിരിച്ചടയ്ക്കേണ്ടി വരും. ഇവരെ പിരിച്ചുവിടണമെന്ന് പൊതുഭരണ വകുപ്പ് സെക്രട്ടറി കഴിഞ്ഞദിവസം ശുപാർശ ചെയ്തിരുന്നെങ്കിലും പണം തിരിച്ചുപിടിച്ചശേഷം മറ്റുനടപടികൾ മതിയെന്നാണ് സർക്കാർ തീരുമാനം. നേരത്ത മണ്ണ് സംരക്ഷണ വകുപ്പിലെ ആറ് ജീവനക്കാരെ സസ്പെൻഡ് ചെയ്തിരുന്നു.

## യുവാവിനെക്കൊന്ന കേസിൽ ജീവപര്യന്തം

കാസർകോട്: കൊലക്കേസ് പ്രതിയായിരുന്ന യുവാവിനെ കഴുത്തറുത്ത് കൊലപ്പെടുത്തിയ കേസിൽ ഒന്നുമുതൽ ആറുവരെ പ്രതികൾക്ക് ജീവപര്യന്തം തടവും ഒന്നരലക്ഷം രൂപ വീതം പിഴയും ശിക്ഷ വിധിച്ചു. മൊഗ്രാൽ പേരാൽ പൊട്ടോടിമൂല വീട്ടിൽ അബ്ദുൾ സലാമിനെ (22) കൊലപ്പെടുത്തിയ കേസിലാണ് കുമ്പള ബദരിയ നഗറിലെ മാങ്ങമുടി സിദ്ധിഖ് (46), ഉമ്മർ ഫാറൂഖ് (36), പെർവാഡിലെ സഹീർ (36), പേരാലിലെ നിയാസ് (38), ആരിക്കാടി ബംബ്രാണിയിലെ ഹരീഷ് (36), പെർവാഡ് കോട്ടയിലെ ലത്തീഫ് (43) എന്നിവരെ കാസർകോട് ജില്ലാ ആൻഡ് അഡീഷണൽ സെഷൻസ് (2) കോടതി ജഡ്ജി കെ. പ്രിയ ശിക്ഷിച്ചത്. വധഗ്രമം, ഗുരുതരമായി പരിക്കേൽപ്പിക്കൽ തുടങ്ങിയ കുറ്റങ്ങൾക്ക് 10വർഷം കഠിനതടവും വിധിച്ചിട്ടുണ്ട്. പിഴയടച്ചില്ലെങ്കിൽ 2വർഷം അധിക തടവും അനുഭവിക്കണം.

പിഴത്തുകയിൽ ലക്ഷം അബ്ദുൾ സലാമിന്റെ കുടുംബത്തിനും 2ലക്ഷം രൂപ സംഭവത്തിൽ പരിക്കേറ്റ നൗഷാദിനും നൽകണം. നഷ്ടപരിഹാരം നൽകാൻ ജില്ലാ നിയമസേവന അതോറിറ്റിക്ക് കോടതി നിർദേശം നൽകി.

2017 ഏപ്രിൽ 30–നാണ് സലാമിനെ കുമ്പള മൊഗ്രാൽ മാളിയങ്കര കോട്ടയിൽ ആളൊഴിഞ്ഞ സ്ഥലത്ത് കഴുത്തറുത്ത് കൊലപ്പെടുത്തിയനിലയിൽ കണ്ടെത്തിയത്. മണൽക്കടത്ത് ഒറ്റികൊടുത്തു എന്നാരോപിച്ച് കൊല്ലപ്പെട്ട സലാമും സിദ്ധിഖും തമ്മിൽ വാക്കുതർക്കമുണ്ടായിരുന്നു. കുമ്പള, കാസർകോട് പോലീസ് സ്റ്റേഷനുകളിൽ കൊലപാതകമുൾപ്പെടെയുള്ള കേസുകളിൽ പ്രതിയാണ് കൊല്ലപ്പെട്ട അബ്ദുൾ സലാം. വർഷങ്ങളായി തുടരുന്ന കുടിപ്പകയുടെ ഭാഗമായാണ് കൊലപാതകം.

## കാരവാനിൽ കണ്ടെത്തിയ മൃതദേഹങ്ങളിലൊന്ന് പുതച്ച നിലയിൽ, ഒരാളുടെ കയ്യിൽ താക്കോൽ; പൊലീസ് അന്വേഷണം തുടങ്ങി

കോഴിക്കോട് : വടകര കരിമ്പനപാലത്ത് റോഡരികിൽ നിറുത്തിയിട്ട കാരവാനിൽ രണ്ടുപേരെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ കൂടുതൽ വിവരങ്ങൾ പുറത്ത്. മലപ്പുറം എടപ്പാളിലെ ലൈഫ് ലൈൻ ഹോസ്പിറ്റാലിറ്റി കമ്പനിയിലെ ജീവനക്കാരായ മനോജ്, ജോയൽ എന്നിവരാണ് മരിച്ചത്. മലപ്പുറം വണ്ടൂർ വാണിയമ്പലം സ്വദേശിയാണ് മനോജ്. ജോയൽ കണ്ണൂർ പറശേരി സ്വദേശിയും.

കുന്നംകുളത്തുകാരായ ഒരു കുടുംബത്തെ ഞായറാഴ്ച ഒരു കല്യാണത്തിൽ പങ്കെടുക്കുന്നതിലേക്കായി കാരവാനിൽ കണ്ണൂരിലെത്തിച്ചിരുന്നു. ശേഷം അന്നുരാത്രി പതിനൊന്നരയോടെ ജോയലും മനോജും കണ്ണൂരിൽ നിന്ന് തിരിക്കുകയും ചെയ്തു. പന്ത്രണ്ടരയോടെയാണ് കരിമ്പനപാലത്ത് റോഡരികിൽ വാഹനം നിറുത്തിയിട്ടത്. തിങ്കളാഴ്ച ഉച്ചയോടെ വാഹനം മലപ്പുറത്ത് എത്തേണ്ടതായിരുന്നു. കാരവാൻ എത്താത്തതിനെത്തുടർന്ന് കമ്പനി നടത്തിയ അന്വേഷണത്തിലാണ് കരിമ്പനപാലത്ത് നിർത്തിയിട്ടിരിക്കുന്നതായി ജിപിഎസിന്റെ സഹായത്തോടെ കണ്ടെത്തിയത്. പിന്നാലെ പ്രദേശവാസികളിൽ ഒരാളെ അറിയിക്കുകയായിരുന്നു. തുടർന്ന് നാട്ടുകാർ നടത്തിയ അന്വേഷണത്തിലാണ് രണ്ട് മൃതദേഹങ്ങൾ കണ്ടെത്തുന്നത്.

കാരവാന്റെ പുറകിലായി പുതച്ച നിലയിലായിരുന്നു ജോയലിന്റെ മൃതദേഹം. കാരവാനിൽ വാതിലിനോട് ചേർന്നായിരുന്നു മനോജിന്റെ മൃതദേഹം കിടന്നിരുന്നത്. മനോജിന്റെ കയ്യിൽ വണ്ടിയുടെ താക്കോൽ ഉണ്ടായിരുന്നു. രക്ഷപ്പെടാനുള്ള ശ്രമത്തിനിടെ മരണപ്പെട്ടതാകാമെന്നാണ് പൊലീസ് സംശയിക്കുന്നത്. എസിയിൽ നിന്നുള്ള ഗ്യാസ് ലീക്ക് ആകാം മരണകാരണമായതെന്നാണ് പൊലീസിന്റെ നിഗമനം. ഇൻക്വസ്റ്റ് നടപടികൾ ഉടൻ പൂർത്തിയാകുമെന്നാണ് വിവരം. മൃതദേഹങ്ങൾ നിലവിൽ ക്യാരവാനിൽ നിന്ന് മാറ്റി.

## ഹേമ കമ്മിറ്റി റിപ്പോർട്ട്; മൊഴിയുടെ അടിസ്ഥാനത്തിലെടുത്ത കേസിൽ ആദ്യ കുറ്റപത്രം സമർപ്പിച്ചു

കോട്ടയം: ഹേമ കമ്മിറ്റി റിപ്പോർട്ടിലെ മൊഴിയുടെ അടിസ്ഥാനത്തിലെടുത്ത കേസിൽ ആദ്യ കുറ്റപത്രം സമർപ്പിച്ചു. കൊല്ലം സ്വദേശിനിയായ മേക്കപ്പ് ആർട്ടിസ്റ്റിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ആയിരുന്നു കേസ്. കാഞ്ഞിരപ്പള്ളി കോടതിയിലാണ് പ്രത്യേക അന്വേഷണ സംഘം കുറ്റപത്രം സമർപ്പിച്ചത്. മേക്കപ്പ് മാന്മേജർ സജീവിനെതിരെയാണ് കേസ്. കോട്ടയം പൊൻകുന്നം പൊലീസാണ് ഇയാൾക്കെതിരെ കേസെടുത്തത്.

2014ൽ നടന്ന സംഭവുമായി ബന്ധപ്പെട്ടാണ് യുവതി ഹേമ കമ്മിറ്റിയിൽ മൊഴി നൽകിയത്. ഒരു സിനിമാ ചിത്രീകരണത്തിനിടെ സെറ്റിൽ വച്ച് മേക്കപ്പ് ആർട്ടിസ്റ്റായ തന്നെ ലൈംഗികമായി പീഡിപ്പിച്ചു എന്നായിരുന്നു മൊഴി. ആദ്യ ഘട്ടത്തിൽ പരാതി നൽകാൻ യുവതി തയ്യാറായിരുന്നില്ല. പിന്നീട് ഹൈക്കോടതി ഇടപെടൽ ഉണ്ടായതോടെയാണ് പരാതി നൽകിയത്. കുറ്റപത്രത്തിലെ വിശദാംശങ്ങൾ നിലവിൽ പുറത്ത് വന്നിട്ടില്ല. ഹേമ കമ്മിറ്റിയിലെ മൊഴിയുടെ അടിസ്ഥാനത്തിൽ 50 കേസുകൾ എടുത്തിരുന്നു. അതിലൊന്നാണിത്.

അതേസമയം, ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കാൻ സംസ്ഥാന വിവരാവകാശ കമ്മീഷൻ പ്രത്യേക ബെഞ്ച് രൂപീകരിച്ചിട്ടുണ്ട്. മൂന്നംഗ ബെഞ്ചാണ് രൂപീകരിച്ചത്. മുഖ്യ വിവരാവകാശ കമ്മീഷണർ നേതൃത്വം നൽകും. രണ്ട് വിവരാവകാശ കമ്മീഷണർമാരും ബെഞ്ചിലുണ്ടാകും. പ്രത്യേക ബെഞ്ച് ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത പരാതികളും അപ്പീലുകളും വിശദമായി പരിശോധിച്ച് തീരുമാനമെടുക്കും. പുതുതായി വരുന്ന അപ്പീലുകളും പരിഗണിക്കും.

## പാലപ്പിള്ളിയിൽ പുലിയിറങ്ങി

തൃശൂർ: പാലപ്പിള്ളി ജനവാസ മേഖലയിൽ പുലിയിറങ്ങിയതായി നാട്ടുകാർ. നടാംപാടം ഗേറ്റ് പരിസരത്തും വെള്ളത്തോട് പാലത്തിന് സമീപവും ആണ് പുലിയെ കണ്ടത്.

# മലയാളികൾക്ക് അപമാനമായി മാറുന്ന സംസ്കാരശൂന്യർക്കെതിരെ ഒരുമിച്ച് നിൽക്കണം; ക്രിസ്തുമസ് സന്ദേശത്തിൽ ആർഎസ്എസിനെതിരെ മുഖ്യമന്ത്രി

ക്രിസ്തുമസ് സന്ദേശത്തിൽ സംഘപരിവാറിനെ നിശിതമായി വിമർശിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. മറ്റുള്ളവരുടെ വിശ്വാസങ്ങളെ അംഗീകരിക്കാനും മനസ്സിലാക്കാനും അവരുടെ സന്തോഷങ്ങൾ തന്റെ സന്തോഷങ്ങളായി കാണാനുമുള്ള വിശാലത മലയാളിയുടെ പ്രത്യേകതയാണ്. എന്നാൽ അതിനെ ദുർബലപ്പെടുത്താനും മതവിശ്വാസത്തെ അപരവിദ്വേഷത്തിന്റെ ഹേതുവായി മാറ്റാനും ചില ക്ഷുദ്ര വർഗീയശക്തികൾ ഇന്നുകൊണ്ടുപിടിച്ച് ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ക്രിസ്മസ് ആഘോഷങ്ങൾക്കെതിരെ സംഘപരിവാർ നടത്തിയ ചില ആക്രമണങ്ങൾ ആ യാഥാർത്ഥ്യത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. കേരളത്തിനും മലയാളികൾക്കും അപമാനമായി മാറുന്ന ഈ സംസ്കാരശൂന്യർക്കെതിരെ ഒരുമിച്ച് നിൽക്കാൻ നമുക്ക് സാധിക്കണമെന്ന് ക്രിസ്മസ് സന്ദേശത്തിൽ മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

മതങ്ങൾ മനുഷ്യരെ വേർതിരിക്കുന്ന മതിലുകളല്ല; മറിച്ച് ഒരു ചരടിൽ മുത്തുകളെന്ന വണ്ണം മനുഷ്യരെ കോർത്തിണക്കേണ്ട മാനവികതയുടെയും സ്നേഹത്തിന്റേയും സന്ദേശവാഹകരാകണം. കേരളം ഇക്കാര്യത്തിൽ ലോകത്തിനു മുന്നിൽ എക്കാലവും ഒരു മാതൃകയാണ്. എല്ലാ ആഘോഷങ്ങളും സ്നേഹത്തിന്റെ മധുരം പങ്കു വയ്ക്കാനുള്ള അവസരമായാണ് നമ്മൾ കാണാറുള്ളത്. ഒരു മതവിഭാഗത്തിന്റെ ആഘോഷങ്ങളിൽ മറ്റുള്ളവരും ഒത്തുചേരും. ഇതു കേരളത്തിന്റെ പാരമ്പര്യമാണ്. മറ്റുള്ളവരുടെ വിശ്വാസങ്ങളെ അംഗീകരിക്കാനും മനസ്സിലാക്കാനും അവരുടെ സന്തോഷങ്ങൾ തന്റെ സന്തോഷങ്ങളായി കാണാനുമുള്ള വിശാലത മലയാളിയുടെ പ്രത്യേകതയാണ്. മതങ്ങളെ മനുഷ്യത്വത്തിന്റേയും സാഹോദര്യത്തിന്റേയും മനോഹരവിഷ്കാരങ്ങളായി നിലനിർത്തുന്ന ഉദാത്തമായ വിശ്വമാനവികതയാണ് നമ്മുടെ കരുത്ത്.

അതിനെ ദുർബലപ്പെടുത്താനും മതവിശ്വാസത്തെ അപരവിദ്വേഷത്തിന്റെ ഹേതുവായി മാറ്റാനും ചില ക്ഷുദ്ര വർഗീയശക്തികൾ ഇന്നു കൊണ്ടുപിടിച്ച് ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ ദിവസങ്ങളിൽ ക്രിസ്മസ് ആഘോഷങ്ങൾക്കെതിരെ സംഘപരിവാർ നടത്തിയ ചില ആക്രമണങ്ങൾ ആ യാഥാർത്ഥ്യത്തിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. കേരളത്തിനും മലയാളികൾക്കും അപമാനമായി മാറുന്ന ഈ സംസ്കാരശൂന്യർക്കെതിരെ ഒരുമിച്ച് നിൽക്കാൻ നമുക്ക് സാധിക്കണം.

അവരെ ചെറുക്കാനും ഈ നാടിന്റെ യഥാർത്ഥ സത്തയെ സംരക്ഷിക്കാനും നമുക്ക് ഉത്തരവാദിത്തമുണ്ട്. അതുകൊണ്ട്, യേശു ക്രിസ്തുവിന്റെ ജന്മദിനം മാനവികതയുടേയും സ്നേഹത്തിന്റേയും സന്ദേശങ്ങളാൽ മുഖരിതമാകട്ടെ. വിശ്വാസം കേവലമായ ചര്യയല്ലെന്നും മറിച്ച് മനുഷ്യസ്നേഹത്തിന്റെ സാക്ഷാത്ക്കാരമാണെന്നും ലോകത്തിനു കാണിച്ചു കൊടുത്ത ജീവിതമായിരുന്നു യേശുവിന്റേത്. ത്യാഗത്തിന്റെയും രക്തസാക്ഷിത്വത്തിന്റേയും അനശ്വര പ്രതീകമാണ് ക്രിസ്തു. അശരണരേയും ആലംബഹീനരേയും ചേർത്തു നിർത്തിയ യേശു അനീതികൾക്കെതിരെ വിമോചനത്തിന്റെ ശബ്ദമുയർത്തുകയാണ് ചെയ്തത്.

യേശുവിന്റെ ത്യാഗം എല്ലാ മനുഷ്യർക്കും ലോകത്തിന്റെ നന്മയ്ക്കും വേണ്ടിയായിരുന്നു. അതുകൊണ്ടു തന്നെ മതവിശ്വാസങ്ങളെ മറ്റുള്ളവരെ വെറുക്കാനും അകറ്റാനുമുള്ള സങ്കുചിത ചിന്താഗതികളാക്കി പരിവർത്തനം ചെയ്യുന്ന വർഗീയ ശക്തികളെ കേരളത്തിന്റെ പടിയ്ക്കു പുറത്തു നിർത്താം. എല്ലാവർക്കും ഒത്തൊരുമിച്ച് ആഹ്ളാദത്തോടെ ക്രിസ്മസ് ആഘോഷിക്കാം. ഏവർക്കും ഹൃദയപൂർവ്വം ക്രിസ്മസ് ആശംസകൾ നേരുന്നു.

## നിയന്ത്രണം കർശനം: ദേവസ്വങ്ങൾക്ക് ആശങ്ക

തിരു: വെടിക്കെട്ടിന് കർശന നിയന്ത്രണമേർപ്പെടുത്തിയ ഉത്തരവ്: ദേവസ്വങ്ങൾക്ക് ആശങ്ക. ഒരുമാസം മുമ്പേ നൽകിയ അപേക്ഷയിൽ ഇതുവരെ ജില്ലാ കളക്ടർ അനുമതി നൽകിയില്ല.

തിരുവമ്പാടി, പാറമേക്കാവ് വേലകൾക്കുള്ള വെടിക്കെട്ടിന്റെ അനുമതിയിൽ അനിശ്ചിതത്വം. രണ്ടുമാസം മുൻപാണ് വെടിക്കെട്ട് നിബന്ധനകൾ കർശനമാക്കി കേന്ദ്രസർക്കാർ ഉത്തരവിറക്കിയത്.

www.ksfe.com
KSFE
ഗാലക്സി ചിട്ടികൾ
2024 ഏപ്രിൽ 1 മുതൽ 2025 ഫെബ്രുവരി 28 വരെ
മെഗാ ബമ്പർ സമ്മാനം
1 മെഴ്സിഡസ് ബെൻസ് കാർ
ചരക്കുവില 75 ലക്ഷം രൂപ
KGC സീരീസ് 3
2024 നവംബർ 1 മുതൽ 2025 ഫെബ്രുവരി 28 വരെ
ശാഖാതല സമ്മാനങ്ങൾ
5000 ഗിഫ്റ്റ് കാർഡുകൾ
KSFE GIFT CARD ₹5000 ഓരോ ചിട്ടിയിലും ഓരാൾക്ക്
1234 4568 1234 4568
ബമ്പർ സമ്മാനം
17 ഇന്നോവ കാറുകൾ
ചരക്കുവില 25 ലക്ഷം രൂപ വീതം
KSFE (ഒരു കേരള സർക്കാർ സ്ഥാപനം)
ദി കേരള സ്റ്റേറ്റ് ഫിന

# ക്രിസ്തുമസ് സപ്ലിമെന്റ് - 2024

## പ്രതീക്ഷയുടെ പെരുന്നാളായ ക്രിസ്തുമസ്സ്

റോമാസാമ്രാജ്യത്തിന്റെ ആധിപത്യത്തിലായിരുന്നു അന്ന് ഇസ്രയേൽ പ്രദേശം. ഗലീലി ഇസ്രായേലിലെ ഒരു ജില്ലയാണ്. ആ ജില്ലയിൽ നസ്രത്ത് എന്ന ഗ്രാമത്തിലാണ് തച്ചനായ ജോസഫും ഭാര്യ തുന്നൽക്കാരിയായ മറിയവും താമസിച്ചിരുന്നത്. ആ അവസരത്തിൽ റോമാ സാമ്രാജ്യം മുഴുവൻ കനേഷുമാരി കണക്കെടുക്കുവാൻ ചക്രവർത്തി അഗസ്റ്റസ് സീസർ വിളംബരം പുറപ്പെടുവിച്ചു. കാനേഷുമാരി ഗണിക്കുമ്പോൾ ഓരോ പൗരനും അവരുടെ പൂർവ്വികർ എവിടെ പാർത്തിരുന്നുവോ അവിടെ എത്തിച്ചേരണമെന്നത് നിയമമായിരുന്നു.

ജോസഫും മറിയവും ദാവീദിന്റെ വംശപരമ്പരയിൽ പെട്ടവരായിരുന്നതിനാൽ ആ വംശത്തിന്റെ ഉത്ഭവസ്ഥാനമായ ബത്‌ലഹേമിൽ എത്തേണ്ടതുണ്ടായിരുന്നു. നസ്രത്തിൽ നിന്ന് ഏകദേശം 80 നാഴിക ദൂരെ സമുദ്ര നിരപ്പിൽ നിന്ന് 2500 അടി ഉയരത്തിലാണ് ബത്‌ലഹേം സ്ഥിതി ചെയ്യുന്നത്. ദുർഘടം പിടിച്ച ആ ദീർഘയാത്രയിൽ നിന്നും ഗർഭിണിയായ മറിയത്തെ ഒഴിവാക്കാൻ അധികാരികളോടപേക്ഷിച്ചു നോക്കിയെങ്കിലും ഫലമുണ്ടായില്ല. രാജശാസനയനുസരിച്ച് അവർ യാത്ര പുറപ്പെടാൻ തന്നെ തയ്യാറെടുത്തു. മറിയത്തിന്റെ പിതാവായ ജോക്കിമും മാതാവായ അന്നയും അവരോടൊപ്പം പുറപ്പെട്ടു. കോവർകഴുതയുടെ പുറത്താണ് അമ്മയും മകളും സഞ്ചരിച്ചത്. ജോക്കിമും ജോസഫും കടിഞ്ഞാൺ പിടിച്ച് കൂടെ നടന്നു. ഇതേ ലക്ഷ്യം വെച്ച് പലരും വഴിയെ പോയിരുന്നതിനാൽ യാത്രാക്ലേശം അത്ര കഠിനമായി അനുഭവപ്പെട്ടില്ല. രാത്രിയായാൽ വല്ല വഴിയമ്പലത്തിലോ പരിചയക്കാരുടെ വസതികളിലോ അന്തിയുറങ്ങും. അതിനുപറ്റിയില്ലെങ്കിൽ ഏതെങ്കിലും സ്ഥലത്ത് ഒന്നിച്ചുകൂടി കൂടാരമടിച്ച് താമസിക്കും. അങ്ങനെയായിരുന്നു സഞ്ചാരപരിപാടി.

അവസാനം മൂന്നാം ദിവസം സന്ധ്യക്ക് അവർ ബത്‌ലഹേമിലെത്തി. അപ്പോൾ തെരുവീഥികളിൽ വലിയ തിരക്കായിരുന്നു. രാത്രി കിടന്നുറങ്ങാനുള്ള താവളം തേടി അവർ പലരേയും സമീപിച്ചുനോക്കി. അതിന് മറുപടിപറയാൻ പോലും ആളുകൾക്ക് സമയമില്ലായിരുന്നു. പൂർണ്ണ ഗർഭിണിയായ മകളുടെ സ്ഥിതി ആശങ്കാജനകമായി തോന്നിയതിനാൽ ജോക്കിമും അന്നയും പല ഭവനങ്ങളുടെ വാതിലുകളിലും മുട്ടിനോക്കി. അനുകൂലമായ പ്രതികരണമുണ്ടായില്ല. മറിയത്തിനപ്പോൾ ആവശ്യം ഒരൊഴിഞ്ഞ സ്ഥലമായിരുന്നു. ജോസഫ് വീണ്ടും അന്വേഷണം തുടർന്നു. ഒരു സത്രം സൂക്ഷിപ്പുകാരനെ സമീപിച്ച് വിവരമെല്ലാം തുറന്നു പറഞ്ഞു. അയാളുടെ ഭാര്യ അതെല്ലാം കേൾക്കുന്നുണ്ടായിരുന്നു. ഗർഭിണിയായ മറിയത്തിന്റെ ദയനീയാവസ്ഥ കണ്ടപ്പോൾ ആ ദമ്പതികൾക്ക് അലിവു തോന്നി. പക്ഷേ സത്രത്തിൽ സ്ഥലമില്ലാത്തതിനാൽ അവർ നിസ്സഹായരായിരുന്നു. ഒഴിവുണ്ടായിരുന്ന ഏക സ്ഥലം കാലിത്തൊഴുത്തുമാത്രം. സത്രമുടമ ഏറെ സങ്കോചത്തോടെ ആ വിവരം സൂചിപ്പിച്ചപ്പോൾ ജോസഫിനും മറിയത്തിനും വലിയ ആശ്വാസമാണ് തോന്നിയത്. ആതിഥേയരുടെ സഹായത്തോടെ അതിഥികൾ ഒരു വിളക്കുമായി തൊഴുത്തിലേക്ക് നടന്നു.

ആ കാലിത്തൊഴുത്ത് വിശാലമായൊരു ഗുഹ പോലെയായിരുന്നു. ഒരു ഭാഗത്ത് കന്നുകാലികൾ വിശ്രമിക്കുന്നുണ്ട്. മറുഭാഗത്ത് പരുക്കൻ ചുമരിനരികെ വൈക്കോൽ വിരിച്ച് മറിയത്തിന് കിടക്കുവാനുള്ള മെത്തയൊരുക്കി. അന്ന മകളോടൊപ്പം അകത്തായിരുന്നു. ജോക്കിമും ജോസഫും ഗുഹക്കുപുറത്തു പോയി വർത്തമാനം പറഞ്ഞിരുന്നു. ക്ഷീണിതനായ ജോക്കിം അധികം വൈകാതെ ഉറക്കമായി. പലവിധ ആകുലചിന്തകളാൽ ജോസഫിന് കണ്ണടയ്ക്കാൻ കഴിഞ്ഞില്ല. സമയം അർദ്ധരാത്രിയായി. പാലൊളി ചന്ദ്രിക പ്രകാശിച്ചു നിൽക്കുന്നു. നല്ലപോലെ മഞ്ഞുപെയ്യുന്നുണ്ട്. ഗുഹക്കുള്ളിൽ നിന്നും കുഞ്ഞിന്റെ കരച്ചിൽ കേട്ടപ്പോൾ ജോസഫിന് എന്തെന്നില്ലാത്ത ആനന്ദവും ആശ്വാസവും തോന്നി. അയാൾ ഉടനെ തന്നെ ജോക്കിമിനെ വിളിച്ചുണർത്തി. അന്നയുടെ ക്ഷണമനുസരിച്ച് ഇരുവരും കാലിത്തൊഴുത്തിൽ കടന്നു. കുഞ്ഞു കിടക്കുന്ന പുൽമെത്തക്കു സമീപം ജോസഫ് മുട്ടുകുത്തി നിന്നു. വിളർത്ത മുഖത്തോടെ ക്ഷീണിച്ചു കിടന്നിരുന്ന മറിയം ഒരു നേരിയ പുഞ്ചിരിയോടെ ജോസഫിനെ നോക്കി. എല്ലാവരും ആ കോമള ശിശുവിനെ നിർന്നിമേഷരായി വീക്ഷിക്കുകയായിരുന്നു.

കുറച്ചു കഴിഞ്ഞപ്പോൾ ജോസഫ് പുറത്തേക്കു പോന്നു. ജോക്കിമും അന്നയും ഗുഹക്കുള്ളിൽ തന്നെയിരുന്നു. അന്നേരം ഏതാനും ആളുകൾ ഗുഹാമുഖത്തെത്തിയത് ജോസഫിന്റെ ശ്രദ്ധയിൽപ്പെട്ടു. അവർ എന്തോ കുഴപ്പമുണ്ടാക്കാൻ വന്ന കൂട്ടരാണെന്ന് കരുതി ജോസഫ് ഗൗരവപൂർവ്വം ചോദിച്ചു. നിങ്ങൾ ആരാണ്? എവിടെ നിന്നു വരുന്നു?

ഞങ്ങൾ കുറച്ചകലെ നിന്നു വരുന്ന ആട്ടിടയന്മാരാണ്. ഇവിടെ ഒരു ദിവ്യ ശിശു ജനിച്ചിട്ടുണ്ടെന്നും പുൽത്തൊട്ടിയിൽ കിടത്തിയിട്ടുണ്ടെന്നും ഞങ്ങൾ അറിഞ്ഞു.

അതുകേട്ടപ്പോൾ ജോസഫിന് അത്ഭുതമായി. ആട്ടിടയന്മാർ തുടർന്നു: ഞങ്ങൾ അഞ്ചുപേരും ആടുകളെ കാത്ത് ഒരു കുന്നിൻ ചരുവിൽ കിടക്കുകയായിരുന്നു. പെട്ടെന്ന് ഒരത്ഭുതപ്രകാശം ഞങ്ങളുടെ മുകളിൽ പ്രത്യക്ഷപ്പെട്ടു. അതോടൊപ്പം ഇപ്രകാരമൊരു അശരീരി വാക്കുകളും മുഴങ്ങിക്കേട്ടു. നിങ്ങൾ ഭയപ്പെടേണ്ട. ഇന്ന് വലിയൊരു സംഭവം നടന്നിരിക്കുന്നു. ലോകരക്ഷകനായ യേശു ബത്‌ലഹേമിൽ ജാതനായിരിക്കുന്നു. ആ കുഞ്ഞ് പിള്ളക്കച്ചകളാൽ ചുറ്റപ്പെട്ട് ഒരു പുൽക്കൂട്ടിൽ കിടക്കുന്നതു കാണാം. അനന്തരം ശ്രവിച്ചത് ശ്രുതിമധുരമായൊരു ഗാനമായിരുന്നു. അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം.

ജോസഫ് ആട്ടിടയന്മാരെ അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. അവർ ഒരു ആട്ടിൻ കുട്ടി, ആട്ടിൻപാൽ, ആട്ടിൻ രോമം എന്നിവയെല്ലാം കാഴ്ച വെച്ച് ദിവ്യശിശുവിനെ വണങ്ങിയ ശേഷം തിരിച്ചുപോയി.

## കാവ്യപുരസ്കാര സമർപ്പണവും പുസ്തക പ്രകാശനവും നടത്തി

തൃശ്ശൂർ: സെവൻ ലീഫ് മാസികയുടെ മൂന്നാം വാർഷികത്തോടനുബന്ധിച്ച്നടന്ന സാംസ്കാരിക സമ്മേളനം മുതിർന്ന പത്രപ്രവർത്തകൻ എം പി സുരേന്ദ്രൻ ഉദ് ഘാടനം ചെയ്തു. സെവൻ ലീഫ് പ്രസിദ്ധീകരിച്ച് കൃഷ്ണകുമാർ മാപ്രാണം എഡിറ്റ് ചെയ്ത 'കനവ്' കവിതാസമാഹാരം പ്രശസ്ത സാംസ്കാരിക വിമർശകൻ വിയു സുരേന്ദ്രൻ പ്രകാശനം ചെയ്തു. ഇരിഞ്ഞാലക്കുട ബാബുരാജ് ആദ്യപ്രതി ഏറ്റുവാങ്ങി.

'വർത്തമാനകാലം' (രമ പിഷാരടി), 'വെളിച്ചം തേടി' (ശോഭ വത്സൻ), 'വൃദ്ധസദനം' (സോണിയ. കെ എസ്) എന്നീ കവിതകൾക്കുള്ള സെവൻ ലീഫ് കാവ്യപുരസ്കാരം പ്രമുഖ നോവലിസ്റ്റ് സുരേന്ദ്രൻ മങ്ങാട്ട് നൽകി.തൃശ്ശൂർ സാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ ഡിസംബർ 22 ഞായറാഴ്ച ഉച്ചയ്ക്ക് 2.30.ന് കണിമംഗലത്തെ നെടുപുഴ സർവീസ് സഹകരണബാങ്ക് ബിൽഡിംഗിലുള്ള ഇ.എം.എസ് ഹാളിൽ വച്ചു നടന്ന സമ്മേളനത്തിൽ എഴുത്തുകാരൻ കൃഷ്ണകുമാർ മാപ്രാണത്തിന്റെ അധ്യക്ഷത വഹിച്ചു.

കെ എം മുഹമ്മദ് ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു.ജയലക്ഷ്മി ടീച്ചർ പുരസ്കാര ജേതാക്കളെ പരിചയപ്പെടുത്തി. ഷീന കാർത്തികേയൻ സ്വാഗതവും സിനി കെ ഗോവിന്ദ് നന്ദിയും പറഞ്ഞു.

തുടർന്ന് നടന്ന കവിയരങ്ങ് സുഭാഷ് പോണോളി ഉദ് ഘാടനം ചെയ്തു ഷിമി ബിനേഷ് പരിപാടി കോർഡിനേറ്റ് ചെയ്തു. രാജലക്ഷ്മി, സുമിഷ, ലൈല മജ്നു, ഭാഗ്യ ലക്ഷ്മി സന്തോഷ്, ഡോ.രമ്യാ രാജ് ആർ, വിജയൻ ചിറ്റേക്കാട്ടിൽ, ഗീത വിജയകുമാർ, മിനിമോഹനൻ, ജെറുഷ എന്നിവർ കവിതകൾ അവതരിപ്പിച്ചു.

### കോടതി പരസ്യം

**ബഹു. ഇരിങ്ങാലക്കുട മുൻസിഫ് കോടതി മുമ്പാകെ**

OS: 309/2022
EP: 2362/2024

ചാലക്കുടി താലൂക്ക് വടക്കുഭാഗം വില്ലേജ്, അമ്പഴക്കാട് ദേശത്ത്, തോട്ടത്തിപറമ്പിൽ പ്രകാശൻ ഭാര്യ സരള etc

-വിധി ഉടമസ്ഥർ ചാലക്കുടി താലൂക്ക് വടക്കുംഭാഗം വില്ലേജ്, അമ്പഴക്കാട് ദേശത്ത്, തോട്ടത്തിപറമ്പിൽ വീട്ടിൽ കുഞ്ഞിവേലായി എന്ന കുഞ്ഞുവേലായുധൻ മകൻ മോഹനൻ

-വിധി കടക്കാരൻ മേൽ നമ്പറിലെ വിധി കടക്കാരനുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് കേസ് **10-01-2025** തിയ്യതിക്ക് വെച്ചിരിക്കുന്നു. ടി കേസിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേ ദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കാത്തപക്ഷം നിങ്ങളെ കൂടാതെ കേസ് തീർപ്പാക്കുമെന്ന് അറിയിക്കുന്നു.

എന്ന്, 20-12-2024
വിധി ഉടമഭാഗം അഡ്വക്കേറ്റ്
**എൻ ഒ സേവിയർ**
(ഒപ്പ്)

### കോടതി പരസ്യം

**ബഹു. കുന്നംകുളം ഫാമിലി കോടതി മുമ്പാകെ**

OP: 502/2024

ധന്യ ടി കെ, D/o. കുമാരൻ ടി എസ്, തലപ്പിള്ളി ഹൗസ്, ഇരിങ്ങപ്പുറം പി ഒ., തൃശൂർ-680103

-ഹരജിക്കാരി

സജ്ജിഷ് എം യു. S/o.Late ഉണ്ണികൃഷ്ണൻ, മണിയിൽ ഹൗസ്, സൗത്ത് ചിറ്റഞ്ഞൂർ പി ഒ., തൃശൂർ-680523

- എതൃകക്ഷി

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കല്പിച്ച് കേസ് **30-12-2024** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നു. അന്നേദിവസം എതൃകക്ഷി നേരിട്ടോ അഡ്വക്കേറ്റ് മുഖാന്തിരമോ ഹാജരാകേണ്ടതും അല്ലാത്തപക്ഷം നിങ്ങളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് കല്പിക്കുന്നതാണെന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 21-12-2024
ഹരജിഭാഗം അഡ്വക്കേറ്റ്
**റീന ജോൺ** (ഒപ്പ്)


With best compliments from:

A Well Wisher



## പത്മവ്യൂഹം ഭേദിച്ച്

### 13-ാം പതിപ്പും ഇംഗ്ലീഷ് പതിപ്പും വില്പനയിൽ




മാരക രോഗത്തിന്റെയും പ്രൊഫഷണൽ ജീവിതത്തിന്റെയും വെല്ലുവിളികളുടെ 'പത്മവ്യൂഹം' ഭേദിച്ച അസാധാരണ മനഃശക്തിയുള്ള വ്യക്തിയുടെ ജീവിത കഥ. വർത്തമാനകാലത്തെ രോഗാവസ്ഥകളെയും പ്രതിരോധ പ്രവർത്തനങ്ങളേയും അടയാളപ്പെടുത്തുന്ന കൃതി. ചരിത്രത്തോടും സമകാലിക ജീവതയാഥാർത്ഥ്യങ്ങളോടും ചേർന്നു നടക്കുന്ന അപൂർവ്വ സുന്ദര രചനാ രീതികൊണ്ട് ശ്രദ്ധേയം.

പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പായ **'ബ്രേവിംഗ് ഓഡ്സ്'** 2-ാം പതിപ്പ് നിയമസഭാ പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, ബിഷപ്പ് മോർ അത്തനേഷ്യസിന് നൽകിയാണ് പ്രകാശനം ചെയ്തത്.

**ഫോൺ: 9745561241**

**അഡ്വ. എ ഡി ബെന്നിയുടെ അനുഭവം, ഓർമ്മ, ദർശനം**

**പത്മവ്യൂഹം ഭേദിച്ച്**

**മാണി പയസ്**



ക്രിസ്തുമസ് ആശംസകൾ

Denny T. Devassy
Mob: 9847473667
Off: 9526646622

CHARGE

EXIDE BATTERIES

Authorised Dealer for Exide Industries Ltd.

U.P.S. & Invertor, Solar Invertor SALES - SERVICE

PALISSERY, P.O. PALAKKAL (Opp. Dhanalakshmi Bank)
(Ammadam - Kodannur Road)


### കോടതി പരസ്യം

**ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

IA: 2/2024, OS: 2431/2024

തൃശൂർ താലൂക്ക് ഒല്ലൂക്കര വില്ലേജ് പറവട്ടാനി ദേശത്ത് സ്ഥാപിതമായിരിക്കുന്ന മാർ അദ്ദായ് ശ്ലീഹ പള്ളിക്കുവേണ്ടി ഇപ്പോഴത്തെ കൈക്കാരന്മാർ 1) പറപ്പൂക്കര മാത്യൂസ് പോൾ 2) പാണഞ്ചേരി റപ്പായി ടോണി

-ഹരജിക്കാർ/അന്യായം പള്ളി

അക്കൻഞ്ചേരി സെൽവൻ സ്മിത - പ്രതി

അന്യായം പള്ളിയുടെ ഉടമസ്ഥതതിയിലുള്ളതും അന്യായം പള്ളിയിൽ നിന്നും പ്രതി വാടകക്ക് എടുത്ത് കൈവശം വെച്ച് വരുന്നതുമായ പീടിക മുറിയിൽ നിന്നും പ്രതിയെ വാടക ബാക്കി സഹിതം ഒഴിപ്പിച്ച് കൈവശം കിട്ടുന്നതിന് ബോധിപ്പിച്ച മേൽ നമ്പർ വ്യവഹാരം അന്യായം പള്ളിയിലെ എല്ലാ അംഗങ്ങളെയും പ്രതിനിധീകരിച്ച് നടത്തുവാൻ മേലെഴുതിയ അന്യായം പള്ളിയുടെ ഇപ്പോഴത്തെ കൈക്കാരന്മാരെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബോധിപ്പിച്ച മേൽ നമ്പർ ഹരജി ബഹു. കോടതി അനുവദിച്ചിട്ടുള്ളതും മേൽ നമ്പർ വ്യവഹാരത്തിൽ കക്ഷി ചേരുവാൻ താല്പര്യമുള്ള അന്യായം പള്ളിയിലെ അംഗങ്ങൾ കേസിന്റെ വിചാരണ തിയ്യതിയായ **25-02-2025** ന് രാവിലെ 11 മണിക്ക് ഹാജരാകേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 17-12-2024
അന്യായം പള്ളിഭാഗം അഡ്വക്കേറ്റ്സ്
**ജേക്കബ് ഒ റാഫേൽ, പി എ ജയന്തി, ജോസഫ് വർഗ്ഗീസ് സി., വിഷ്ണു വി എസ്., ശ്രീദേവി പി കെ., അർജ്ജുൻ പി.**
(ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

IA: 2/2024, OS: 2430/2024

തൃശൂർ താലൂക്ക് ഒല്ലൂക്കര വില്ലേജ് പറവട്ടാനി ദേശത്ത് സ്ഥാപിതമായിരിക്കുന്ന മാർ അദ്ദായ് ശ്ലീഹ പള്ളിക്കുവേണ്ടി ഇപ്പോഴത്തെ കൈക്കാരന്മാർ 1) പറപ്പൂക്കര മാത്യൂസ് പോൾ 2) പാണഞ്ചേരി റപ്പായി ടോണി

-ഹരജിക്കാർ/ അന്യായം പള്ളി

ട്രാവൽ പോയിന്റ് ടൂർസ് ആന്റ് ട്രാവൽസ് മുതൽപേർ - പ്രതികൾ

അന്യായം പള്ളിയുടെ ഉടമസ്ഥതതിയിലുള്ളതും അന്യായം പള്ളിയിൽ നിന്നും പ്രതികൾ വാടകക്ക് എടുത്ത് കൈവശം വെച്ച് വരുന്നതുമായ പീടിക മുറിയിൽ നിന്നും പ്രതികളെ വാടക ബാക്കി സഹിതം ഒഴിപ്പിച്ച് കൈവശം കിട്ടുന്നതിന് ബോധിപ്പിച്ച മേൽ നമ്പർ വ്യവഹാരം അന്യായം പള്ളിയിലെ എല്ലാ അംഗങ്ങളെയും പ്രതിനിധീകരിച്ച് നടത്തുവാൻ മേലെഴുതിയ അന്യായം പള്ളിയുടെ ഇപ്പോഴത്തെ കൈക്കാരന്മാരെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബോധിപ്പിച്ച മേൽ നമ്പർ ഹരജി ബഹു. കോടതി അനുവദിച്ചിട്ടുള്ളതും മേൽ നമ്പർ വ്യവഹാരത്തിൽ കക്ഷി ചേരുവാൻ താല്പര്യമുള്ള അന്യായം പള്ളിയിലെ അംഗങ്ങൾ കേസിന്റെ വിചാരണ തിയ്യതിയായ **25-02-2025** ന് രാവിലെ 11 മണിക്ക് ഹാജരാകേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 17-12-2024
അന്യായം പള്ളിഭാഗം അഡ്വക്കേറ്റ്സ്
**ജേക്കബ് ഒ റാഫേൽ, പി എ ജയന്തി, ജോസഫ് വർഗ്ഗീസ് സി., വിഷ്ണു വി എസ്., ശ്രീദേവി പി കെ., അർജ്ജുൻ പി.**
(ഒപ്പ്)

### കോടതി പരസ്യം

**ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

IA: 2/2024, OS: 2432/2024

തൃശൂർ താലൂക്ക് ഒല്ലൂക്കര വില്ലേജ് പറവട്ടാനി ദേശത്ത് സ്ഥാപിതമായിരിക്കുന്ന മാർ അദ്ദായ് ശ്ലീഹ പള്ളിക്കുവേണ്ടി ഇപ്പോഴത്തെ കൈക്കാരന്മാർ 1) പറപ്പൂക്കര മാത്യൂസ് പോൾ 2) പാണഞ്ചേരി റപ്പായി ടോണി

-ഹരജിക്കാർ/ അന്യായം പള്ളി

ചാത്തൻ കോട്ടൽ കോയ അഷറഫ് - പ്രതി

അന്യായം പള്ളിയുടെ ഉടമസ്ഥതതിയിലുള്ളതും അന്യായം പള്ളിയിൽ നിന്നും പ്രതി വാടകക്ക് എടുത്ത് കൈവശം വെച്ച് വരുന്നതുമായ പീടിക മുറിയിൽ നിന്നും പ്രതിയെ വാടക ബാക്കി സഹിതം ഒഴിപ്പിച്ച് കൈവശം കിട്ടുന്നതിന് ബോധിപ്പിച്ച മേൽ നമ്പർ വ്യവഹാരം അന്യായം പള്ളിയിലെ എല്ലാ അംഗങ്ങളെയും പ്രതിനിധീകരിച്ച് നടത്തുവാൻ മേലെഴുതിയ അന്യായം പള്ളിയുടെ ഇപ്പോഴത്തെ കൈക്കാരന്മാരെ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ബോധിപ്പിച്ച മേൽ നമ്പർ ഹരജി ബഹു. കോടതി അനുവദിച്ചിട്ടുള്ളതും മേൽ നമ്പർ വ്യവഹാരത്തിൽ കക്ഷി ചേരുവാൻ താല്പര്യമുള്ള അന്യായം പള്ളിയിലെ അംഗങ്ങൾ കേസിന്റെ വിചാരണ തിയ്യതിയായ **25-02-2025** ന് രാവിലെ 11 മണിക്ക് ഹാജരാകേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 17-12-2024
അന്യായം പള്ളിഭാഗം അഡ്വക്കേറ്റ്സ്
**ജേക്കബ് ഒ റാഫേൽ, പി എ ജയന്തി, ജോസഫ് വർഗ്ഗീസ് സി., വിഷ്ണു വി എസ്., ശ്രീദേവി പി കെ., അർജ്ജുൻ പി.**
(ഒപ്പ്)


ക്രിസ്തുമസ് ആശംസകൾ

**കാരുണ്യ കുറീസ് (P) ലിമിറ്റഡ്**

Head Office: Karunya Chambers, Opp. Police Club,
**HIGH ROAD, THRISSUR-680001.**
Ph: 2442515. Branch Office: Faridabad
Chairman **THOMAS KOLLANNUR** Managing Director **JOSE A. KOLLANNUR**



ക്രിസ്മസ് ആശംസകൾ...

**കൊള്ളന്നൂർ ദേവസ്സി സൺസ്**

തൃശൂർ, കൊച്ചി, കോഴിക്കോട്

# ക്രിസ്തുവിന്റെ പിറന്നാൾ, ക്രിസ്തുമസ്

പ്രതീക്ഷയുടെ പ്രതീകമാണ് ക്രിസ്തു. പ്രതീക്ഷയുടെ പിറന്നാളാണ് ക്രിസ്തുമസ്സ്. മനുഷ്യമനസ്സുകളിൽ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സന്ദേശം പരത്തുന്ന ക്രിസ്തുമസ് സകല ജനത്തിനും സ്വീകാര്യമായൊരു സദ്വാർത്തയാണ്.

ലോകമെങ്ങുമുള്ള സർവ്വ മനുഷ്യരും പ്രത്യക്ഷമായും പരോക്ഷമായും പങ്കുചേരുന്ന ആഘോഷാവസരമാണിത്. പ്രകാശം തന്നെയായ ഉണ്ണിയേശുവിനെ സ്വീകരിക്കുവാൻ നക്ഷത്രവിളക്കുകൾ, സ്നേഹവിരുന്നൊരുക്കാൻ ക്രിസ്മസ് കേക്കുകൾ, സ്വർഗ്ഗീയ സംഗീതമാസ്വദിക്കുവാൻ ക്രിസ്തുമസ് കരോൾ, ക്രിസ്തുമസ് ക്രിബ്.... അങ്ങിനെ എന്തെല്ലാം പ്രതീകങ്ങൾ! നമ്മുടെ നാട്ടിൽ ജാതിമതഭേദമന്യേ വർഗ്ഗവർണ്ണ വ്യത്യാസമന്യേ കവലകളും കടകളും വീടുകളും നക്ഷത്ര വിളക്കുകളാൽ ശോഭിതമാകുന്നു.

ആദാമിന്റെ കാലം മുതൽ യുഗങ്ങളായി പൂർവ്വപിതാക്കന്മാരുടെ സന്തതി പരമ്പരകൾ ഒരു രക്ഷകനെ കാത്ത് കഴിയുകയായിരുന്നു. കാലാകാലങ്ങളിൽ അഭിഷിക്തരായ വിശുദ്ധ പ്രവാചകന്മാർ അവരുടെ പ്രതീക്ഷകൾക്ക് പ്രചോദനമരുളിപ്പോന്നു. ജനിക്കുന്നതിന് മുമ്പ് തന്നെ ചരിത്രത്തിന്റെ താളുകളിൽ സ്ഥാനം നേടിയ ഒരേയൊരു വ്യക്തി മാത്രമേ ലോകത്തിൽ അവതീർണ്ണമായിട്ടുള്ളൂ. അതാണ് യേശുക്രിസ്തു. ശതാബ്ദങ്ങൾ തന്നെ ക്രിസ്തുവിന്റെ നാമത്തിൽ വിഭജിക്കപ്പെട്ടു.

ധർമ്മസംസ്ഥാപനാർത്ഥം ഓരോ കാലഘട്ടങ്ങളിലായി ലോകത്തിൽ അനേകം മഹാന്മാരും മതനേതാക്കന്മാരും ജനിച്ചിട്ടുണ്ട്. അവരിലാർക്കും തന്നെ ലഭിക്കാത്ത അംഗീകാരമാണ് രാജവംശജനായ ദാവീദിന്റെ ഗോത്രക്കാരനെങ്കിലും തച്ചനായ യൗസേപ്പിതാവിന്റേയും തുന്നൽക്കാരിയായ മറിയത്തിന്റെയും പുത്രനായി ബത്ലഹേമിലെ കാലിത്തൊഴിത്തിൽ ജാതനായ യേശുവിന് ലഭിച്ചത്.

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകനായി കുറഞ്ഞ ജീവിതകാലം മുഴുവൻ നന്മ ചെയ്ത് ജീവിക്കുവാനും മനുഷ്യകുലത്തിന്റെ സമഗ്രമോചനത്തിനായി മരക്കുരിശിൽ കിടന്ന് പിടഞ്ഞ് മരിക്കുവാനും ആ ത്യാഗധനൻ സന്നദ്ധനായി.

ക്രിസ്തുവിന്റെ കാലഘട്ടം അന്ധകാരാവൃതമായിരുന്നു. ധാർമ്മികാധ:പതനം ഭീതിതമേ ഖലയിൽ മാത്രമല്ല ആദ്ധ്യാത്മികാന്തരീക്ഷത്തിലും ഇരുൾ പരത്തിയിരുന്നു. സത്യവും നീതിയും ഉപവിയും ഉപേക്ഷിച്ച അധികാര ശക്തികളും ന്യായാസനങ്ങളും അജ്ഞതയുടേയും അന്യായങ്ങളുടേയും ആ സ്ഥാനങ്ങളായിരുന്നു. അക്രമവും അടിമത്വവും എങ്ങും നടമാടിയിരുന്നു. ഭരണാധികാരികളും മതമേധാവികളും പ്രഭുക്കളും ഒത്തുചേർന്ന് പാവങ്ങളെ പിഴിഞ്ഞുകൊണ്ടിരുന്നു. ഈ പരിതാപകരമായ പരിസ്ഥിതിയിലാണ് ഇസയാസ് ദീർഘദർശിയുടെ ഭാഷയിൽ ജറുസലേമിൽ നിന്നൊരു നീതിമാൻ പ്രകാശം പോലെ

വരികയും അതിന്റെ രക്ഷ പ്രകാശിക്കുന്ന വിളക്കുപോലെ പ്രശോഭിക്കുകയും ചെയ്തത്.

എളിമയുടെ നാളായി മന്ത്രമുരുവിട്ട് കടന്നുവന്ന യേശുവിനെ അന്നത്തെ മതപുരോഹിതന്മാരും പ്രീശ പ്രമാണിമാരും ഭരണാധികാരികളും അനാദരിച്ചു. അവഗണിച്ചു. അവിശ്വസിച്ചു. ഉപദ്രവിച്ചു.

എന്നാൽ അത്യുന്നതങ്ങളിൽ മഹത്വം ദർശിച്ചവരും ഭൂമിയിൽ സന്മനസ്സുള്ളവരുമായ മനുഷ്യരും പാപികളും ചുങ്കക്കാരും പാവങ്ങളും രക്ഷയുടേയും മോചനത്തിന്റെയും നായകനെ ക്രിസ്തുവിൽ കണ്ടെത്തി. സമൂഹത്തിലെ വരേണ്യവർഗ്ഗത്തിന് ക്രിസ്തുവിന്റെ മഹത്വം മനസ്സിലാക്കാനായില്ല.

**മിഴി–സോങ്**

## ക്രിസ്മസ് ഐക്യത്തിന്റെ സന്ദേശം: റവ. ഡോ. പോൾ പൂവത്തിങ്കൽ

തൃശൂർ: ക്രിസ്മസ് ഐക്യത്തിന്റെ സന്ദേശമാണെന്നും കുടുംബത്തിലും സമൂഹത്തിലും ഒരുമയുണ്ടാകുന്പോഴാണു സമാധാനം പുലരുന്നതെന്നും റവ. ഡോ. പോൾ പൂവത്തിങ്കൽ. സംഗീതത്തിലെന്നപോലെ സമൂഹത്തിലും സ്വരച്ചേർച്ചയുണ്ടാകണം. ഐക്യം നഷ്ടപ്പെടുമ്പോഴാണു രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധങ്ങളുണ്ടാകുന്നത്. ഉണ്ണിയേശു ജനിച്ച സമയം ഐക്യത്തിന്റെ സമയമാണ്. മനുഷ്യരും ദൈവവും പക്ഷിമൃഗാദികളും സ്വർഗത്തിലെ മാലാഖമാരുമൊന്നിച്ച് വിശ്വത്തിന്റെ ഐക്യമാണവിടെയുണ്ടായത്. ഐക്യമുള്ളിടത്തെ സന്തോഷം ആർക്കും തട്ടിയെടുക്കാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു. തൃശൂർ പ്രസ് ക്ലബിന്റെ ക്രിസ്മസ് ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുത്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. നടി ശ്രാവണ, ആയുർജാക്ക് ഫാം ഉടമ വർഗീസ് തരകൻ എന്നിവർക്കൊപ്പം ക്രിസ്മസ് കേക്ക് മുറിച്ചാണ് ആഘോഷങ്ങൾക്ക് തുടക്കമിട്ടത്. പ്രസ് ക്ലബ് പാട്ടു ക്ലബിന്റെ നേതൃത്വത്തിൽ സംഗീതവിരുന്നുമൊരുക്കി. ആയുർജാക്ക് ഫാമിൽനിന്നുള്ള പ്ലാവിൻതൈകളും മാധ്യമപ്രവർത്തകർക്കു വിതരണം ചെയ്തു. പ്രസ് ക്ലബ് സെക്രട്ടറി രഞ്ജിത് ബാലൻ, പ്രസിഡണ്ട് എം.ബി. ബാബു എന്നിവർ പ്രസംഗിച്ചു.

## സർക്കാർ സമീപനം മുനമ്പം പദ്ധതിയെ തകർത്തു, പ്രക്ഷോഭം ആരംഭിക്കും: തോമസ് ഉണ്ണിയാടൻ

കാട്ടൂർ: സംസ്ഥാന സർക്കാരിന്റെ തലതിരിഞ്ഞ സമീപനം കാട്ടൂർ – താന്യം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന മുനയം റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയെ തകർത്തതായി മുൻ സർക്കാർ ചീഫ് വിപ് തോമസ് ഉണ്ണിയാടൻ പറഞ്ഞു. കേരള കോൺഗ്രസ് മണ്ഡലം കമ്മിറ്റി നടത്തിയ പ്രതിഷേധ ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യുഡിഎഫ് സർക്കാരിന്റെ കാലത്ത് 24 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതുമാണ്. എന്നാൽ തുടർ പ്രവർത്തനങ്ങൾ നടക്കാത്തത് മൂലം ഇപ്പോൾ പദ്ധതി നഷ്ടപെട്ട അവസ്ഥയിലാണെന്നും ഉണ്ണിയാടൻ പറഞ്ഞു. വർഷം തോറും താൽക്കാലിക ബണ്ട് നിർമ്മിക്കുന്നതിൽ അഴിമതിയുണ്ടെന്നാണ് ആരോപണം. നഷ്ടപെട്ട പദ്ധതി പുനഃസ്ഥാപിക്കുന്നതു വരെ കേരള കോൺഗ്രസ് ശക്തമായ പ്രക്ഷോഭം നടത്തുമെന്നും ഉണ്ണിയാടൻ പറഞ്ഞു. മണ്ഡലം പ്രസിഡന്റ് അഷറഫ് പാലിയത്തറ അധ്യക്ഷത വഹിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, നിയോജകമണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ, കെ.സതീഷ്, സേതുമാധവൻ, സിജോയ് തോമസ്, ജേക്കബ് പാലത്തിങ്കൽ, അശോകൻ പിഷാരടി, ലിജോ, ഷോബി പള്ളിപ്പാടൻ എന്നിവർ പ്രസംഗിച്ചു.


**CHANGE OF NAME**

I, **CINCY PEREIRA** HOLDER OF PASSPORT NO H 7572232 DO HERE BY CHANGE THE NAME AS **CINCY SIMETHY** FOR THE PURPOSE OF PASSPORT

Sd/-
**CINCY SIMETHY**


## സമാധാനത്തിന്റെ രാജകുമാരൻ

ആട്ടിൻ കൂട്ടത്തെ കാവൽ കാത്ത് രാത്രിയിൽ വെളിയിൽ പാർത്തിരുന്ന ആട്ടിടയന്മാരോട് ദൂതൻ പറഞ്ഞു 'ഭയപ്പെടേണ്ടാ; സർവ്വജനത്തിന്നും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു.

കർത്താവായ ക്രിസ്തു എന്ന രക്ഷിതാവു ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.' സർവ്വ ജനത്തിനുമുള്ള ഈ സദ്വാർത്തയാണ് യേശുക്രിസ്തുവിന്റെ ജനനം.

ഇന്ന് ലോകമെങ്ങും ക്രിസ്തുമസ്സ് ആഘോഷിക്കുന്നു. ക്രിസ്തുവിന്റെ ജനനവും ജീവിതവും പീഡാസഹനവും മരണവും അടക്കവും ഉയിർത്തെഴുന്നേല്പും അടങ്ങുന്ന ക്രൈസ്തവ മൂല്യങ്ങൾ ഉൾക്കൊണ്ടു വേണം ഈ തിരു പിറന്നാൾ ആഘോഷിക്കാൻ. സ്നേഹവും കരുണയും നീതിയും സന്തോഷവും സമാധാനവും അന്യവല്ക്കരിക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ഒരു പ്രതിസംസ്കൃതിയാണ് ക്രിസ്തുമസ്സ്.

അധികാരം സ്ഥാപിക്കാൻ യുദ്ധങ്ങളും കലാപങ്ങളും സൃഷ്ടിക്കുന്ന ലോകത്ത് സർവ്വാധിപനായ ദൈവത്തിന്റെ പുത്രൻ യേശുക്രിസ്തുവിന്റെ പുൽക്കൂട്ടിലെ

ജനനത്തിന്റെ മൂല്യത്തിന് സമാനതകളില്ല. മാറ്റങ്ങൾക്കുവേണ്ടി ജനിച്ചവനാണ് ക്രിസ്തു: സർവ്വജനത്തിന്റെ സന്തോഷവും ലോകത്തിന്റെ സമാധാനവുമാണ് ലക്ഷ്യം. ജാതി മത വർഗ്ഗ വർണ്ണ ദേശ കാല ലിംഗ വ്യത്യാസങ്ങളില്ലാതെ എല്ലാവരുടെയും സന്തോഷവും സമാധാനവും.

പാർശ്വവൽക്കരിക്കപ്പെട്ടവരോടും അവഗണിക്കപ്പെട്ടവരോടുമുള്ള ഐക്യദാർഢ്യമായിരുന്നു സമാനതകളില്ലാത്ത പുൽക്കൂട്ടിലെ ജനനം. അത് സമൂഹത്തിന്റെ ധാർമ്മിക ഉത്തരവാദിത്വം ഓർമ്മപ്പെടുത്തുന്നതാണ്.

സമൂഹത്തിന്റെ സമൂല മാറ്റത്തിനായി ജനിച്ച സമാധാന പ്രഭു സമാധാനത്തിന്റെ വിത്തുകൾ വിതക്കാൻ നമ്മെയും ക്ഷണിക്കുന്നു. നാടിന്റെ ക്രമസമാധാനവും സന്തോഷവും തകർക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ വർഗ്ഗീയ ശക്തികൾക്കെതിരെ അധികാരം യുദ്ധത്തിലൂടെയും അക്രമങ്ങളിലൂടെയും കൊലപാതകങ്ങളിലൂടെയും അഴിമതിയിലൂടെയും കവർച്ചകളിലൂടെയും അല്ല സ്ഥാപിക്കേണ്ടത് എന്നും മറിച്ച് സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സ്വയം ശൂന്യവലക്കരണത്തിന്റെയും പാതയിലൂടെയാണ് എന്ന് ഓർമ്മപ്പെടുത്തുകയാണ് സമാധാന പ്രഭുവിന്റെ പുൽകൂട്ടിലെ ജനനം.

എല്ലാ സ്വർഗ്ഗീയ മഹിമകളും വെടിഞ്ഞ് തന്നെത്താൻ ഒഴിച്ച് കേവലം ഒരു മനുഷ്യനായി വിളങ്ങി ആരും എത്തിനോക്കാൻ മടിക്കുന്ന ഇടങ്ങളിൽ പിറവിയെടുത്ത യേശുക്രിസ്തു നാം ഓരോരുത്തരുടെ ജീവിതത്തിലും സമാധാനത്തിന്റെ രാജകുമാരനായി പിറക്കട്ടെ. എല്ലാവർക്കും ജനനതിരുന്നാൾ പുതുവത്സര ആശംസകൾ.

ദൈവകൃപയാൽ
**മാർ ഔഗിൻ കുര്യാക്കോസ്**
മെത്രാപ്പോലീത്ത
പൗരസ്ത്യ കൽദായ
സുറിയാനി സഭ.

കവിത

## ഇനിയുമെത്ര കാലം

കലഹം മൂർച്ഛിച്ച് കരൾ പിഴുതെടുത്തു
ഇനിയുമെത്ര കാലം സഞ്ചരിപ്പൂ നാം

ഒരു നാളെങ്കിലും ഒരുമയോടെ
ഒരു വേളയെങ്കിലും അരുമയോടെ പ്രഹൃല്ലമായി,
പ്രശാന്തമായി..

നീയൊന്നു പരരതു ഹൃദയ ധമനികളിൽ
നിന്നൊരു മാർദവ സ്നേഹം ഉഴസ്സിലെങ്ങും

സന്ധ്യ മയങ്ങുമ്പോൾ നീ മറക്കൂ
നിന്നെ നോവിച്ച വാക്കുകളും,മുഖങ്ങളും.

ആശ്വാസമേകൂ വെണ്ണ തൂകുന്ന മനം പോൽ
ഓരോ തനുവിലും, വിഭ്രാന്തി പരരതുന്ന
മനസ്സിനെ മോചിപ്പിക്കൂ
എന്നന്നേക്കുമായ്.

കാലവും സമയവും അതിക്രമിച്ച് പായുന്നു.
ഒരിടവേള നൽകാതെ തന്നെ
തെറ്റിനെ നീ ശരിയെന്ന അമൃത് നൽകി
പരിപാലിക്കുക.

ജീവിതം ഒരു ക്ഷണികമല്ലേ...
സ്നേഹിക്കുക മനുഷ്യ നീ മൃതിയടക്കും വരെ.
ഇനിയുമെത്ര കാലം...

കമർ സമാൻ


ക്രിസ്തുമസ് ആശംസകൾ
**കേരളത്തിന്റെ തനതായ സുഗന്ധം**
**കമലവിലാസ് (Regd.) വാസന സാധനങ്ങൾ**

**കളഭപ്പൊടി**
വെള്ളത്തിൽ കുഴച്ച് കുറിതൊടുവാനും, കല്ല്യാണം, ഉത്സവം, വിരുന്നു സൽക്കാരസമയങ്ങളിൽ ഉപയോഗിക്കുവാൻ വിശിഷ്ടകളഭക്കൂട്ട്.

**ആനന്ദകുസുമം (REGD)**
ഈ തൈലക്കൂട്ടുകൊണ്ട് എളുപ്പത്തിൽ നല്ല ഇടിച്ച പുകയിലതയ്യാറാക്കാം. മുറുക്കുമ്പോൾ വായ്ക്ക് നല്ല രുചിയും മണവുംനൽകുന്നു.

**ദശാംഗം**
ഈ വിസിഷ്ടധൂപപ്പൊടി സന്ധ്യാസമയത്തും പൂജാകർമ്മാദി സമയത്തുംപുകച്ചു വരുന്നത് മനോശാന്തിക്കും ശ്രീകരത്തിനും വിശേഷം.

**വാസനചുണ്ണാമ്പ്**
വിറ്റിലയിൽ തേച്ച് മുറുക്കുമ്പോൾ വായ്ക്ക് നല്ല രുചിയും മണവും നൽകുന്നു.

**പി.എ. അയ്യർ കമലവിലാസ് പെർഫ്യൂമറിവർക്സ്**
റെയിൽവേ സ്റ്റേഷൻ റോഡ്, ചെട്ടുങ്ങാടി Jn., തൃശൂർ-1. ഫോൺ: 2420691



**സർവ്വെ ടെക്**
പി ഒ ആനന്ദപുരം, തൃശൂർ, കേരള–680305
ഫോൺ: 9447437330, 0480 2882789, 9539640424

സർവ്വെ സ്കെച്ച്, ആധാരം, പട്ടയം, എന്നിവ പ്രകാരം ഭൂമി കൃത്യമായി അളന്ന് പ്ലോട്ടുകൾ തിരിക്കുകയും ഭാഗം വെയ്ക്കുകയും അതിർത്തി തർക്കം പരിഹരിക്കുകയും ചെയ്ത് സ്കെച്ച് സാക്ഷ്യപ്പെടുത്തി കൊടുക്കുന്നു.

വലിയ വിസ്തീർണ്ണമുള്ള സ്ഥലങ്ങൾ ടോട്ടൽ സ്റ്റേഷൻ മെഷീൻ ഉപയോഗിച്ച് ഡിജിറ്റൽ സർവ്വെ ചെയ്തുകൊടുക്കുന്നു.

കൂടാതെ സർവ്വെ റവന്യൂ വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും മറുപടിയും നിർദ്ദേശങ്ങളും ഞങ്ങളുടെ ഓഫീസിൽ നിന്നും ലഭ്യമാണ്.

ചെയിൻ സർവ്വെ ട്യൂഷൻ കൊടുക്കുന്നതാണ്

വിശദ വിവരങ്ങൾക്ക്
പി സി ഭരതൻ
(സർവ്വെ സൂപ്രണ്ട്, റിട്ടയേർഡ്)
എം കെ രഞ്ജിത്ത്
(സർവ്വെയർ)

വസ്തു ക്രയവിക്രയം ചെയ്യുന്നതിനു മുമ്പ് അളന്ന് ബോദ്ധ്യപ്പെടുക



ക്രിസ്തുമസ് ആശംസകൾ...

**KURUVATH**
**AUTO SERVICE STATION**
GURUVAYOOR ROAD,
THRISSUR - 680004
PH: 9961454720
CAR INTERIOR WASH UNDERTAKEN



With Best Compliments from:
ALENGADEN'S
A - K - P
**A.K.P.**
**METALS & WARES**
Post Office Road, THRISSUR
Ph: Off: 2425548, Fax: 2421089
Resi: 2427748, E-mail: alengaden@vsnl.com
Irinjalakuda:
A.K.P. METALS & ALLOYS (FACTORY)
CHRIST COLLEGE ROAD
ALLENGADENS VESSELS HOUSE,
TANA. Ph: 2826432, 2826430



ക്രിസ്തുമസ് ആശംസകൾ
ATF
**അത്തം ഫ്ളവേഴ്സ്**
Wholesale & Retail
Municipal Building
PATTURAIKKEL, THRISSUR
Ph: 0487 2333686, Mob: 9846033686
കല്യാണ മാലകൾ, ബൊക്കെകൾ
ഡെക്കറേഷൻ, ഫ്രഷ് ഫ്ളവേഴ്സ്



ക്രിസ്തുമസ് ആശംസകൾ
Jose Panthallookaran
Proprietor
Mob: 9847041046
9847321046,9447919850
**CENTRAL CHICKEN**
(Wholesale Chicken Merchants)
Panthallookaran Building, St. Mary's St, KURIACHIRA
Thrissur-6. Ph: 0847-2251209, 2251189, Resi: 2251089

**S S L C ബുക്ക് നഷ്ടപ്പെട്ടു**

2005 മാർച്ചിലെ 741639 നമ്പറിലുള്ള എന്റെ SSLC Book വീണ്ടെടുക്കാൻ പറ്റാത്തവിധത്തിൽ കൈമോശം വന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസൃതമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപം ഉള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

എന്ന്,
**ASHARAF K.I.**
S/o. Ibrahim, Karassery House,
Edappally P.O, Eranakulam-682024



ക്രിസ്തുമസ് ആശംസകൾ...
**ജോസ് കൂനംപ്ലാക്കൽ**
കള്ളിയത്ത് റോയൽ സ്ക്വയർ
റൂം നമ്പർ 19
പാലസ് റോഡ്, തൃശൂർ
ഫോൺ: ഓഫീസ്: 0487 2331109 റസി. 0487 2424381



K.J.U
**കേരള ജേർണ്ണലിസ്റ്റ് യൂണിയൻ (കെ.ജെ.യു.)**
**തൃശൂർ ജില്ലാ സമ്മേളനം**
2024 ഡിസംബർ, 26, 27
നാട്ടിക സർവ്വീസ് സഹകരണ ബാങ്ക് ഹാൾ
(തൃപ്രയാർ ബസ് സ്റ്റാന്റിന് വടക്കുവശം)
പതാക ഉയർത്തൽ
ഉദ്ഘാടനസമ്മേളനം
പ്രതിനിധി സമ്മേളനം
ആദരിക്കൽ

ഉദ്ഘാടനം
സി.സി. മുകുന്ദൻ എം.എൽ.എ.

അധ്യക്ഷൻ — മുഖ്യാതിഥികൾ — മുഖ്യപ്രഭാഷണം

അജീഷ് കർക്കിടകത്ത് ജില്ലാ പ്രസിഡന്റ് — വി.പി. നന്ദകുമാർ — അഡ്വ. എ.യു. രഘുരാമൻ പണിക്കർ — ഡോ. എൻ.ആർ. ഗ്രാമപ്രകാശ്

അനിൽ ബിശ്വാസ് — കെ.സി. സ്മിജൻ — ഇ.പി. രാജീവ് — ജോസ് താടിക്കാരൻ — ജോസ് വാവേലി

Kerala Journalist Union (KJU)

**കാര്യപരിപാടി**
26-12-2024 വ്യാഴാഴ്ച വൈകിട്ട് 4.30ന്
തൃപ്രയാർ പോളി ജംഗ്ഷനിൽ
**പൊതുസമ്മേളനം**
27-12-2024 വെള്ളിയാഴ്ച നാട്ടിക സർവ്വീസ് സഹകരണ ബാങ്ക് ഓഡിറ്റോറിയം
രാവിലെ 9.30ന് രജിസ്ട്രേഷൻ. 9.45-ന് പതാക ഉയർത്തൽ.

**10-ന് ഉദ്ഘാടനസമ്മേളനം**
പ്രാർത്ഥന :
സ്വാഗതം : ജോസ് താടിക്കാരൻ, ജനറൽ കൺവീനർ, സ്വാഗതസംഘം
അധ്യക്ഷൻ : അജീഷ് കർക്കിടകത്ത് (ജില്ലാ പ്രസിഡന്റ്)
ഉദ്ഘാടനം : സി.സി. മുകുന്ദൻ എം.എൽ.എ.
മുഖ്യാതിഥി : വി.പി. നന്ദകുമാർ (സി.ഐ.ടി & എം.ഡി. മണപ്പുറം ഗ്രൂപ്പ്)
അവാർഡ് വിതരണം : അഡ്വ. എ.യു. രഘുരാമൻ പണിക്കർ, ആവണങ്ങാട്ടിൽ കളരി
ആശംസകൾ : എം.ആർ. ദിനേശൻ (നാട്ടിക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)
: കെ.സി. സ്മിജൻ (കെ.ജെ.യു. സംസ്ഥാനജനറൽ സെക്രട്ടറി)
: ഇ.പി. രാജീവ് (സംസ്ഥാനട്രഷറർ)
: ബാബു തോമസ് (എറണാകുളം ജില്ലാ പ്രസിഡന്റ്)
: ബിജോയ് പെരുമാട്ടിൽ (കെ.ജെ.യു. സംസ്ഥാന എക്സി. അംഗം)
: സി.എസ്. സുനിൽകുമാർ (കെ.ജെ.യു. തൃപ്രയാർ മേഖല പ്രസിഡന്റ്)
നന്ദി : കെ.ആർ. മധു (സ്വാഗതസംഘം ട്രഷറർ)

**11.30-ന് പ്രതിനിധി സമ്മേളനം**
ഉദ്ഘാടനം : അനിൽ ബിശ്വാസ് (കെ.ജെ.യു. സംസ്ഥാനപ്രസിഡന്റ്)
അധ്യക്ഷൻ : അജീഷ് കർക്കിടകത്ത് (ജില്ലാ പ്രസിഡന്റ്)
റിപ്പോർട്ട് അവതരണം : ജോസ് വാവേലി (ജില്ലാ സെക്രട്ടറി)
കണക്ക് അവതരണം : എൻ.പി. ഉദയകുമാർ (ജില്ലാ ട്രഷറർ)
ചർച്ച :
പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്
നന്ദി :

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# തൃശ്ശൂർ വൈ.എം.സി.എ. ക്രിസ്തുമസ് കരോൾ സംഘടിപ്പിച്ചു

തൃശ്ശൂർ: തൃശൂർ വൈ.എം.സി.എ.യുടെ ആഭിമുഖ്യത്തിൽ 18-മത് ക്രിസ്തുമസ് കരോൾ മൽസരം സംഘടിപ്പിച്ചു. പ്രസിഡന്റ് ഷാജി ചെറിയാൻ അധ്യക്ഷനായ യോഗത്തിൽ എക്യുമെനിക്കൽ കമ്മിറ്റി ചെയർമാർ ഡോ. ജസ്റ്റിൻ ജോർജ് സ്വാഗതവും ജനറൽ സെക്രട്ടറി ജിൽസൺ ജോസ് നന്ദിയും പറഞ്ഞു. മാർ ഔഗിൻ കുരിയാക്കോസ് തിരുമേനിയും കുര്യാക്കോസ് മോർ ക്ലിമ്മിസ് തിരുമേനിയും ക്രിസ്തുമസ് സന്ദേശം നൽകുകയും വിജയികളായ ടീമംഗങ്ങൾക്കു സമ്മാന വിതരണം നടത്തുകയും ചെയ്തു. 9 ടീമുകളോളം പങ്കെടുത്ത മൽസരത്തിൽ മാർ അപ്രേം പള്ളി ചേലക്കോട്ടുക്കര ഒന്നാം സ്ഥാനവും മാർ തോമ പള്ളി ആർത്താറ്റ് രണ്ടാം സ്ഥാനവും ആൾ സെയിന്റ്സ് ഇടക പള്ളി മിഷ്യൻ ക്വാർട്ടേഴ്സ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

## ഡ്രൈവിംഗ് സ്കൂളുകൾക്ക് അപേക്ഷിക്കാം

തൃശ്ശൂർ : ജില്ലാ പഞ്ചായത്തിന്റെ 2024-25 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലയിലെ ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ ഓടിക്കുന്നതിനുള്ള പരിശീലനം നൽകി ലൈസൻസ് എടുത്തു കൊടുക്കുന്നതിനുള്ള പ്രവൃത്തി ഏറ്റെടുക്കുന്നതിന് ജില്ലയിലെ ഡ്രൈവിംഗ് സ്കൂളുകളിൽ നിന്നും തൃശ്ശൂർ ജില്ലാ സാമൂഹ്യനീതി ഓഫീസർ ടെണ്ടർ ക്ഷണിച്ചു. ഈ മാസം 31 ന് വൈകീട്ട് 5 നകം തൃശ്ശൂർ ചെമ്പൂക്കാവ് മിനി സിവിൽ സ്റ്റേനിൽ പ്രവർത്തിക്കുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ലഭിക്കണം. ഫോൺ: 0487- 2321702.

# അവിടെ മെത്രാന്മാരെ ആദരിക്കുന്നു, ഇവിടെ പുൽക്കൂട് നശിപ്പിക്കുന്നു; ബിജെപിക്കെതിരെ ഓർത്തഡോക്സ് ബിഷപ്പ്

തൃശൂർ: ക്രിസ്മസ് ആഘോഷങ്ങളിലെ ആക്രമണങ്ങളിൽ ബിജെപിക്കെതിരെ പരോക്ഷ വിമർശനവുമായി തൃശൂർ ഭദ്രാസനാധിപൻ യൂഹാനോൻ മാർ മിലിത്തിയോസ് . "അവിടെ മെത്രാന്മാരെ ആദരിക്കുന്നു പുൽക്കൂട് വന്ദിക്കുന്നു. ഇവിടെ പുൽക്കൂട് നശിപ്പിക്കുന്നു" എന്ന് യൂഹാനോൻ മാർ മിലിത്തിയോസ് ഫേസ്ബുക്കിൽ പങ്കുവെച്ച പോസ്റ്റിൽ പറഞ്ഞു. "ഇത്തരം ശൈലിക്ക് മലയാളത്തിൽ എന്തോ പറയുമല്ലോ!" എന്നും അദ്ദേഹം കുറിച്ചു.

പാലക്കാട് ചിറ്റൂർ നല്ലേപ്പിള്ളി ഗവ. യു.പി. സ്കൂളിൽ ക്രിസ്മസ് ആഘോഷത്തിനിടെ, വിശ്വഹിന്ദുപരിഷത്ത് ജില്ലാനേതാവടക്കം അധ്യാപകരെയും വിദ്യാർഥികളെയും ഭീഷണിപ്പെടുത്തുകയും തത്തമംഗലം ചെന്താമരനഗർ ജി.ബി.യു.പി. സ്കൂളിൽ ക്രിസ്മസ് ആഘോഷത്തിനുണ്ടാക്കിയ പുൽക്കൂട് അജ്ഞാതർ തകർക്കുകയും ചെയ്ത പശ്ചാത്തലത്തിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

# ലൈഫ് പദ്ധതിയിലൂടെ ലഭിച്ച വീട് വിൽക്കാനുള്ള കാലാവധി ഉയർത്തി

തൃശൂർ : സർക്കാരിന്റെ ലൈഫ് പദ്ധതിയിലൂടെ ലഭിച്ച വീടുകൾ വിൽക്കുന്നതിനും കൈമാറ്റം ചെയ്യുന്നതിനുമുള്ള കാലാവധി 12 വർഷമായി ഉയർത്തി. നേരത്തെ കാലാവധി ഏഴ് വർഷമായിരുന്നതാണ് 12 വർഷായി നീട്ടിയിരിക്കുന്നത്. ഏഴ് വർഷമെന്നത് ലൈഫ് പദ്ധതിയുടെ ലക്ഷ്യത്തിന് തന്നെ ദോഷകരമാണെന്ന് വിലയിരുത്തിയതിന് പിന്നാലെയാണ് കാലാവധി നീട്ടിയത്.

പിഎംഎവൈ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായധനം കിട്ടുന്ന മറ്റു പദ്ധതിയിലെ വീടുകൾ എന്നിവയ്ക്കും ഇതേ വ്യവസ്ഥയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഭൂമി പണയപ്പെടുത്തി ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്നതിനും ഇത് ബാധകമാണ്. ഗുണഭോക്താവ് അവസാനഗഡു കൈപ്പറ്റിയ തീയതി മുതലാണ് സമയം കണക്കാക്കുക.

കഴിഞ്ഞ ജൂലൈ ഒന്നുമുതലായിരുന്നു വീടുകൾ കൈമാറുന്നതിനുള്ള കാലാവധി ഏഴ് വർഷമായി ചുരുക്കിയത്. അതിന് മുമ്പ് പത്ത് വർഷവും പദ്ധതിയുടെ തുടക്കത്തിൽ12 വർഷവുമായിരുന്നു കാലാവധി.

VEHICLES FOR SALE

SHRIRAM FINANCE LTD.
2nd Floor, Arya Tower, Above Union Bank of India
WADAKKANCHERY, THRISSUR-680582
Mob: 9539227120

| Vehicle No | Vehicle Description | Year of manufacturing |
|---|---|---|
| KL48P 1701 | FORCE TEMPO TRAVELLER-P | 2019 MODEL |
| KL48E 5311 | TATA MAGIC IRIS-P | 2013 MODEL |

കുന്തം KUNTHAM Franco. C Jose SOMETHING YOU ALWAYS TRUST
PHOTOSTAT
www.kunthamphotostat.com
keep in touch with in
shop No. 7025496930
Our Google Pay Number 9847394948
Our Whatsapp Number 9072884884
Project Seminar, Spiral Binding Works, Scanning, Lamination, ID Card, DTP, Print Photostat
Sree Vadakkumnathan Shopping Complex
Karunakaran Nambiar Road,
Above Indian Coffee House,
North Bus Stand, Thrissur
PH: 9847394948, 9388394948
9388994948, 7025496930
We are Thankful to you all for Contact Us.